# നീരയ്ക്ക് അനുമതി

തിരുവനന്തപുരം: കേരകർഷകർക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ കള്ള്ചെത്ത് വ്യവസായത്തെ പൂർണമായും സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് നീര ഉത്പാദിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. എല്ലാ ജില്ലകളിലെയും 1500 തെങ്ങുകളുള്ള ഓരോ യൂണിറ്റിൽ വീതം പരീക്ഷണാടിസ്ഥാനത്തിൽ നീര പദ്ധതി നടപ്പാക്കും. കള്ളുഷാപ്പുകൾ ലേലത്തിൽ പോകാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ രണ്ടു യൂണിറ്റുകളിൽ വീതം പദ്ധതി നടപ്പാക്കും. നീര ഉത്പാദനത്തിന് ആവശ്യമായ ഭേദഗതികൾ അബ്കാരി ചട്ടങ്ങളിൽ ഉൾപ്പെടുത്തും.

തെങ്ങിൽനിന്ന് നീര ഉത്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചെത്തുതൊഴിലാളികളുടെ പരാതികൾ പരിഹരിക്കാൻ യൂണിയൻ പ്രതിനിധികളുമായി മന്ത്രി കെ. ബാബുവിന്റെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിലാണ് പദ്ധതി നടപ്പാക്കാൻ ധാരണയായത്.

നാളികേര വികസന ബോർഡുമായി ഫെഡറേറ്റ് ചെയ്ത ഫെഡറേഷനുകൾക്കും കമ്പനികൾക്കും മാത്രമായിരിക്കും അനുമതി നൽകുക. ചെത്ത് തൊഴിലാളികൾക്ക് നീര ചെത്തുന്നതിൽ മുൻഗണന നൽകും. നീര ടെക്നീഷ്യൻമാർക്ക് കള്ളുചെത്ത് ക്ഷേമനിധിബോർഡിൽ അംഗത്വം നൽകും. നീര-ടോഡി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. പൂട്ടിക്കിടക്കുന്ന ഷാപ്പുകളിലെ ചെത്ത് തൊഴിലാളികൾക്ക് ഓണത്തിന് ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച യൂണിയനുകളുടെ ആവശ്യങ്ങൾ തൊഴിൽവകുപ്പുമായി ചർച്ച ചെയ്യുമെന്ന് മന്ത്രി ബാബു അറിയിച്ചു.

വിവിധ യൂണിയനുകളെ പ്രതിനിധീകരിച്ച് മുൻ മന്ത്രി കെ.പി.രാജേന്ദ്രൻ, എൻ.അഴകേശൻ, കെ.എം.സുധാകരൻ, പി.കൃഷ്ണൻ, ടി.എൻ.രമേശൻ, അജിത്കുമാർ, എം.കെ.ഉണ്ണിക്കൃഷ്ണൻ, കേരകർഷക പ്രതിനിധി ബാബു ജോസഫ്, നികുതി സെക്രട്ടറി എ.അജിത്കുമാർ, എക്സൈസ് കമ്മിഷണർ അനിൽ സേവ്യർ, നാളികേര വികസന ബോർഡ് ഡയറക്ടർ ഡോ.മുരളീധരൻ, ഡോ.വി.കെ.രാജു (കാർഷിക സർവകലാശാല), കൃഷി ഡയറക്ടർ ആർ.അജിത്കുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.




## എന്താണ് നീര

- പുളിക്കാത്ത കള്ളാണ് നീര. കള്ള് പുളിക്കാതെ കുടത്തിൽ നിന്നെടുത്ത് സംസ്കരിച്ച് ഒട്ടും ആൽക്കഹോളില്ലാതെ പായ്ക്കറ്റ് ചെയ്ത് വിപണിയിലെത്തിക്കുകയാണ് ലക്ഷ്യം.
- സൊസൈറ്റികളിൽ നിന്ന് നീര ശേഖരിച്ച് കോൺഫെഡറേഷനുകൾ അത് പ്രൊഡ്യൂസർ കമ്പനിയിലെത്തിക്കുന്നു.
- കമ്പനിയാണ് സംസ്കരണവും പായ്ക്കിംഗും വിൽപ്പനയും നടത്തുക.

## നീരയിൽ നിന്നുള്ള വരുമാനം

| | |
|---|---|
| ഒരു ലിറ്റർ നീരയുടെ വിൽപ്പന വില | : 100 രൂപ |
| കർഷകന് ലഭിക്കുന്നത് | : 50 രൂപ |
| ചെത്തുകാരന് | : 25 രൂപ |
| ഉല്പാദന വിതരണ ചെലവ് | : 25 രൂപ |

### കർഷകന് ദിവസം ഒരു തെങ്ങിൽ നിന്നുള്ള വരുമാനം

| | |
|---|---|
| ദിനം ശരാശരി 2.5 ലിറ്റർ എന്ന കണക്കിൽ | : 125 രൂപ |
| പ്രതിമാസ വരുമാനം | : 3750 രൂപ |